## പതിനാലാം കേരള നിയമസഭ
## നാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 886 — 01/03/2017-ൽ മറുപടിയ്ക്ക്.

### ക്ഷീര കർഷകർക്ക് പെൻഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ; | (എ) | ക്ഷീരകർഷക പെൻഷൻ കാര്യക്ഷമമായും സുതാര്യമായും വേഗത്തിലും നൽകുന്നതിനായി പെൻഷൻ ഉൾപ്പെടെ ക്ഷേമനിധിയുടെ എല്ലാ പ്രവർത്തനങ്ങളും ഓട്ടോമേറ്റ് ചെയ്തുകൊണ്ട് "***ക്ഷീരജാലകം***" എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ രൂപീകരിച്ചിട്ടുണ്ട്. ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നതു മുതൽ പെൻഷൻ അനുവദിക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. നിലവിൽ ഈ പുതിയ സംവിധാനത്തിലൂടെ കാര്യക്ഷമമായ രീതിയിൽ പെൻഷൻ വിതരണം നടന്നുവരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ക്ഷീര കർഷകർക്ക് പെൻഷൻ നൽകാൻ സാധിച്ചുവെന്ന് അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 4943 ക്ഷീര കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (സി) | ക്ഷീരകർഷകർക്ക് നിലവിൽ നൽകി വരുന്ന പെൻഷൻ തുകയെത്രയാണ്; ഇതിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ വ്യക്തമാക്കുമോ? | (സി) | ക്ഷീരകർഷകർക്ക് നിലവിൽ 500/- രൂപ പ്രതിമാസ പെൻഷൻ നൽകിവരുന്നുണ്ട്. ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 1000/- രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.